## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2646** — **14.02.2013-ലെ മറുപടിക്ക്**

### ആരോഗ്യ സർവ്വകലാശാലകളുടെ നിയന്ത്രണം

**ചോദ്യം**

ശ്രീ. സാജുപോൾ :

(എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, നിയന്ത്രിക്കുന്നതിനും സർവ്വകലാശാലയ്ക്ക് ജനാധിപത്യ സംവിധാനം ഏർപ്പെടുത്തുന്നതിൽ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) മറ്റ് സർവ്വകലാശാലകളിലുള്ളതുപോലെ സെനറ്റും, സിൻഡിക്കേറ്റും അക്കാദമിക് കൗൺസിലും രൂപീകരിക്കാത്തത് സ്വാശ്രയ സ്ഥാപനങ്ങളെ സഹായിക്കാനാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആരോഗ്യ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് സർവ്വകലാശാലയെ അടിയന്തിരമായി ജനാധിപത്യവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

**(എ), (ബി) & (സി)**

കേരള ആരോഗ്യ സർവ്വകലാശാല ആക്റ്റ് പ്രകാരം സിൻഡിക്കേറ്റിന് പകരം ഗവേണിംഗ് കൗൺസിലാണ് നിലവിലുള്ളത്. 14 അംഗ ഗവേണിംഗ് കൗൺസിൽ ഇതിനോടകം തന്നെ രൂപീകരിച്ചിട്ടുണ്ട്. ഈ ഗവേണിംഗ് കൗൺസിലാണ് സർവ്വകലാശാലാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും സർവ്വകലാശാലയുടെ കീഴിൽ പുതിയ കോളേജുകൾ, കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകുകയും ചെയ്യുന്നത്. ഇത് കൂടാതെ അക്കാദമിക് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. കേരള ആരോഗ്യ സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ സ്റ്റാറ്റ്യൂട്ട് രൂപീകൃതമാകുന്നമുറയ്ക്ക് മാത്രമേ ജനാധിപത്യ വ്യവസ്ഥയിൽ മറ്റ് സർവ്വകലാശാലകളിലുള്ളതുപോലെ സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ